I. ഇ.ബി. XV-കേരള നിയമസഭ/XIII-17

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 മാർച്ച് 18, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ

മി. സ്പീക്കർ: ഇടുക്കി ജില്ലയിലെ പരുന്തുംപാറ അടക്കമുള്ള വിവിധ മേഖലകളിൽ നടക്കുന്ന വൻകിട ഭൂമി കൈയേറ്റങ്ങളുൾപ്പെടെയുള്ള ഭൂപ്രശ്നങ്ങൾ മലയോര ജനതയിൽ സൃഷ്ടിച്ചിട്ടുള്ള ആശങ്ക ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട്

ഡോ. മാത്യു കുഴൽനാടൻ, സർവശ്രീ എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഇടുക്കി ജില്ലയിൽ കുടിയേറിയ അർഹരായ എല്ലാ കർഷകർക്കും പട്ടയം കൊടുക്കുക എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. കുടിയേറ്റത്തിന്റെ മറവിലുള്ള അനധികൃത കൈയേറ്റങ്ങൾ ഒരുകാരണവശാലും അനുവദിക്കുകയില്ല. ചൊക്രമുടിയിലെയും പരുന്തുംപാറയിലെയും കൈയേറ്റങ്ങൾക്കെതിരെ സർക്കാർ ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ചൊക്രമുടിയിലെ വ്യാജ പട്ടയങ്ങളും തണ്ടപ്പേരും റദ്ദുചെയ്തുകൊണ്ട് 14-3-2025-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൈയേറ്റം ഒഴിപ്പിക്കുന്നതിനെതിരെ സ്റ്റേ വാങ്ങുന്നത് ഒഴിവാക്കുന്നതിനായി ഭൂപതിവ് ചട്ടപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിച്ചാണ് മുന്നോട്ടുപോകുന്നത്. പതിറ്റാണ്ടുകൾക്കുമുമ്പ് ഒരു സർവെ നമ്പറിൽ നൽകിയ പട്ടയത്തിന്റെ മറവിൽ അതേ സർവെ നമ്പറിലുള്ള പട്ടയം നൽകാത്ത ഭൂമി വ്യാജ ആധാരങ്ങൾ ചമച്ചാണ് കൈയേറിയിരിക്കുന്നത്. ഇടുക്കി ജില്ലയിലെ അനധികൃത കൈയേറ്റങ്ങൾ കണ്ടെത്തുന്നതിനായി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ടീമിന്റെ

പരിശോധനയിൽ മഞ്ചുമല വില്ലേജിലെ സർവെ നം. 441-ൽ ഉൾപ്പെട്ട ഭൂമി അനധികൃതമായി കൈയേറിയിട്ടുണ്ടെന്ന് കണ്ടെത്തുകയും അത് ഒഴിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പരുന്തുംപാറയിലെ കൈയേറ്റം സംബന്ധിച്ച് അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്ത് നിരോധനാജ്ഞ പുറപ്പെടുവിക്കുകയും പോലീസ് പിക്കറ്റ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ 34 വില്ലേജുകളിൽ ഡിജിറ്റൽ റീ സർവെ ആരംഭിക്കുകയും 2,54,815 ഏക്കർ ഭൂമി സർവെ നടത്തുകയും ചെയ്തിട്ടുണ്ട്. കെ.ഡി.എച്ച്. വില്ലേജിലെ കുറ്റിയാർവാലിയിൽ പട്ടയം ലഭിച്ച 2300 പേർക്ക് ഭൂമി അളന്നുനൽകുന്ന പ്രവൃത്തി മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കും. നീലക്കുറിഞ്ഞി ഉദ്യാനത്തിലുള്ള കൈവശങ്ങൾ കണ്ടെത്തി പട്ടയം നൽകുന്നതിനുള്ള നടപടി ആരംഭിക്കുകയും കട്ടപ്പന ടൗൺഷിപ്പിലെ കൈവശങ്ങളുടെ സർവെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ 295.16 ഏക്കർ ഭൂമിയിലെ കൈയേറ്റം ഒഴിപ്പിക്കുകയും ആനവിരട്ടി വില്ലേജിലെ 224 ഏക്കറിൽ ഉൾപ്പെടുന്ന നെല്ലിത്താനം എസ്റ്റേറ്റ് സംരക്ഷിക്കാനായി പ്ലാന്റേഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും

ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ പട്ടയവിതരണത്തിനെതിരായ കോടതിയുടെ സ്റ്റേ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോടതിയിൽ ചോദ്യം ചെയ്യപ്പെടാത്ത രീതിയിൽ കുറ്റമറ്റതും മലയോര കർഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയുന്നതുമായ ചട്ടനിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. ഇടുക്കിയുൾപ്പെടെയുള്ള മലയോര മേഖലകളിലെ സാധാരണക്കാരന് പട്ടയം നൽകാനുള്ള നടപടിക്രമങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വനം വകുപ്പുമായുള്ള സംയുക്ത പരിശോധനയിലൂടെ മലയോര മേഖലയിലെ അർഹതപ്പെട്ട എല്ലാവർക്കും പട്ടയം നൽകാനുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: ഇടുക്കി ജില്ലയിലെ മലയോര മേഖലകളിൽ വ്യാപകമായി സർക്കാർ ഭൂമി കൈയേറുകയാണ്. വ്യാജ പട്ടയമുണ്ടാക്കി ഈ ഭൂമി വില്പന നടത്തി കോടികളുടെ തട്ടിപ്പാണ് കൈയേറ്റ ലോബി നടത്തുന്നത്. പരുന്തുംപാറ വില്ലേജിൽ സർവെ നമ്പർ 534-ലാണ് വ്യാപകമായ കൈയേറ്റം നടന്നിട്ടുള്ളത്. കൃഷിയോഗ്യമല്ലാത്ത പാറ പ്രദേശത്തിന് പട്ടയം നൽകിയത് നിയമവിരുദ്ധമാണ്. അനധികൃത കൈയേറ്റം സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ നടപടി

സ്വീകരിക്കാത്തത് അപലപനീയമാണ്. ഇടുക്കി ജില്ലയിലെ പട്ടയ വിതരണം പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. ഇടുക്കി ജില്ലയിലെ 8 വില്ലേജുകളിൽ എൻ.ഒ.സി. ഇല്ലാതെ നിർമ്മാണ പ്രവർത്തനം അനുവദിക്കുകയില്ലെന്നും പട്ടയഭൂമി വീട് വയ്ക്കാനും കൃഷിക്കും ചെറുകിട സ്ഥാപനങ്ങൾ നടത്താനും മാത്രമേ ഉപയോഗിക്കാവൂവെന്നുമുള്ള ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ സർക്കുലറിനെ അടിസ്ഥാനപ്പെടുത്തിയാണ് ഹൈക്കോടതി നിർമ്മാണ നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തിനാകെ ബാധകമായ നിയമം 8 വില്ലേജുകളിൽ പ്രത്യേകമായി നടപ്പാക്കുന്നത് എപ്രകാരമാണെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും സ്വന്തമായി വീടുണ്ടെങ്കിൽ ഇടുക്കി ജില്ലയിലെ ഈ 8 വില്ലേജുകളിൽ ഒരിടത്തും വീട് വയ്ക്കാൻ അവകാശമില്ലെന്ന സർക്കുലറിലെ വ്യവസ്ഥ അമിതാധികാരപ്രയോഗമാണ്. ഇടുക്കി ജില്ലയിലെ ജനങ്ങൾക്കുമേൽ അടിച്ചേല്പിക്കുന്ന നിയന്ത്രണങ്ങൾ നിയമസാധുതയില്ലാത്തതാണ്. സി.എച്ച്.ആർ. ഭൂമിയിൽ 210000 ഏക്കർ സ്ഥലം റിസർവ് ഫോറസ്റ്റ് ആണെന്ന് വനം വകുപ്പ് വ്യക്തമാക്കിയതിനെത്തുടർന്നാണ് പട്ടയ വിതരണം സുപ്രീം കോടതി സ്റ്റേ ചെയ്തത്. പട്ടയവിതരണം തടസ്സപ്പെടുത്തിയതും ഭൂപ്രശ്നങ്ങളുണ്ടാക്കിയതും

കോടതിയാണെന്ന വാദം ശരിയല്ല. കോടതിയിൽ കൃത്യതയോടും വ്യക്തതയോടുംകൂടി ഈ കേസ് കൈകാര്യം ചെയ്തില്ലെങ്കിൽ മലയോര കർഷകർ വഴിയാധാരമാകും. ഈ വിഷയം സഭ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. കെ. രാജൻ: 2010-ൽ ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച വിധി പ്രകാരം ഗൃഹ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. നൽകുന്നതിനുള്ള മാനദണ്ഡങ്ങളിലെ അവ്യക്തതമൂലം നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെ വന്നതിനാൽ കോടതി വിധി പാലിച്ചുകൊണ്ട് എൻ.ഒ.സി. അനുവദിക്കുന്നതിനാണ് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. സി.എച്ച്.ആർ. ഭൂമിക്ക് പട്ടയം അനുവദിക്കാൻ പാടില്ലെന്ന സുപ്രീം കോടതി ഉത്തരവിനെതിരെ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഗൃഹനിർമ്മാണങ്ങൾക്ക് തടസ്സമുണ്ടാക്കുന്ന വ്യവസ്ഥകളെ മറികടക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 1960-ലെ കേരള ഭൂപതിവ് നിയമം ഭേദഗതി ചെയ്തെങ്കിലും ചില സാങ്കേതിക പ്രതിസന്ധികൾമൂലം ചട്ടനിർമ്മാണത്തിൽ കാലതാമസമുണ്ടായിട്ടുണ്ട്; ഏപ്രിൽ മാസത്തോടുകൂടി പ്രസ്തുത ചട്ടം നിലവിൽ വരുമെന്ന് ഉറപ്പുനൽകുകയാണ്. കട്ടപ്പന ടൗൺഷിപ്പിലെ 614 പട്ടയങ്ങളുടെ

സർവെ പൂർത്തീകരിക്കുന്നതിനും ഇടുക്കി ജില്ലയിലെ മൂന്ന് ചെയിൻ മേഖലയിലെ അയ്യപ്പൻ കോവിൽ, കാഞ്ചിയാർ എന്നീ വില്ലേജുകളിലായി 1626 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വെള്ളത്തൂവൽ പഞ്ചായത്തിലെ 1039 പേർക്കും കൊന്നത്തടി വില്ലേജിലെ 366 പേർക്കും പട്ടയം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. നീലക്കുറിഞ്ഞി സാങ്ച്വറിയുമായി ബന്ധപ്പെട്ട് ദേവികുളം സബ്കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിക്കുകയും ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മാങ്കുളത്തെ മിച്ചഭൂമി വിതരണവുമായി ബന്ധപ്പെട്ട് 8 ബിറ്റുകളിലായി 1016 കൈവശക്കാർക്കും ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിലെ കുറ്റിയാർവാലിയിലെ കൈവശക്കാർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചെറുതോണി - ഗാന്ധിനഗർ കോളനിയിലെ 250 കൈവശക്കാരുടെ പ്രശ്നം എത്രയുംവേഗം പരിഹരിക്കുന്നതാണ്. കട്ടപ്പനയിലെ ടീ പ്ലാന്റേഷനിലെയും പെരിഞ്ചാൻകുട്ടി പ്രദേശങ്ങളിലെയും സർവെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർവെ നമ്പർ മാറ്റിക്കൊടുക്കുകയോ തെറ്റായി തണ്ടപ്പേർ നൽകുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. കൈയേറ്റങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും അർഹതപ്പെട്ട

കുടിയേറ്റക്കാർക്ക് പൂർണ്ണമായും പട്ടയം നൽകുന്നതുമാണ്. സർക്കാർ മലയോര മേഖലയിലെ ജനങ്ങളെ സഹായിക്കാനുള്ള നടപടികളെടുക്കുന്ന സാഹചര്യത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) നദികളിലെ മണൽ നീക്കം ചെയ്യൽ

ശ്രീ. കെ. കെ. രാമചന്ദ്രൻ: സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സംഭരണശേഷി വൻതോതിൽ കുറയുന്നത് വേനൽക്കാലത്ത്

കുടിവെള്ളക്ഷാമം രൂക്ഷമാക്കുകയും ജലസേചനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ മണലും എക്കലും ചെളിയും നീക്കം ചെയ്ത് ജലസംഭരണശേഷി വർധിപ്പിക്കേണ്ടതും നദികളും പുഴകളും ജലാശയങ്ങളും ശുചീകരിച്ച് സംരക്ഷിക്കേണ്ടതും അത്യാവശ്യമാണ്. നദികളിലും മറ്റും അടിഞ്ഞുകൂടിയിരിക്കുന്ന മണൽ ഗവൺമെന്റിന്റെ കർശന നിയന്ത്രണത്തിലും കൃത്യമായ അളവിലും നീക്കം ചെയ്ത് നിർമ്മാണമേഖലയ്ക്ക് ഉപയുക്തമാക്കി മണൽക്ഷാമം പരിഹരിക്കുന്നതിനും റവന്യൂ വരുമാനം വർധിപ്പിക്കുന്നതിനും അതുവഴി ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിക്കും സംരക്ഷണം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. കനാലുകളിലും പുഴകളിലും സംരക്ഷണഭിത്തി കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രളയവും വെള്ളപ്പൊക്കവുംമൂലം അടിഞ്ഞുകൂടിയ പാറയും ചെളിയും മറ്റ് പാഴ്വസ്തുക്കളും നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്കും പൂർവസ്ഥിതിയും വീണ്ടെടുക്കുന്നതിനുള്ള പ്രവൃത്തി മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുകയും 98,35,939.41 ക്യൂബിക് മീറ്റർ മണ്ണും ചെളിയും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. മണൽവാരൽ നടത്തുന്നതും നിയന്ത്രിക്കുന്നതും കടവ്

കമ്മിറ്റികൾ മുഖേനയാണ്. സുപ്രീം കോടതിയുടെയും ദേശീയ ഹരിത ട്രിബ്യൂണലിന്റെയും വിധിയുടെയും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ കടവുകളിൽനിന്ന് മണൽ വാരുന്നത് നിലച്ചിരിക്കുകയാണ്. ഇത് മറികടക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തിവരുന്നത്. ചട്ടങ്ങളിൽ അടിയന്തരമായി ഭേദഗതി വരുത്തി മൈനിങ് പ്ലാനും അനുബന്ധ രേഖകളും തയ്യാറാക്കി സംസ്ഥാനത്ത് മണൽ ഖനനം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതാണ്. മണൽ വാരലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചന നടത്തുന്നതാണ്. മണൽ വാരൽ ആരംഭിക്കുന്നതിലൂടെ റിവർ മോണിറ്ററിങ് ഫണ്ടിലേക്ക് വരുന്ന സംഖ്യ പൂർണ്ണമായും കേരളത്തിലെ പുഴകൾ ഉൾപ്പെടെയുള്ള ജലസേചന മാർഗങ്ങളുടെ തീരങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനുവേണ്ടി വിനിയോഗിക്കണമെന്ന തീരുമാനം വേഗത്തിൽ നടപ്പാക്കുന്നതാണ്.

## (2) മീനച്ചിലാർ പദ്ധതി

ശ്രീ. അനൂപ് ജേക്കബ്: എറണാകുളം, ആലപ്പുഴ ജില്ലകളിലെ കുടിവെള്ള വിതരണത്തെയും ജലസേചന സൗകര്യത്തെയും പ്രതികൂലമായി ബാധിക്കുമെന്നതിനാലും മൂവാറ്റുപുഴ-പിറവം പ്രദേശങ്ങളിലെ വരൾച്ചയ്ക്ക്

കാരണമാകുമെന്നതിനാലും വാപ്കോസ് ലിമിറ്റഡ് നടത്തുന്ന സാധ്യതാ പഠനത്തിന്റെയടിസ്ഥാനത്തിൽ പദ്ധതി പ്രായോഗികമല്ലെങ്കിൽ നിർദിഷ്ട മീനച്ചിലാർ പദ്ധതി നടപ്പാക്കുന്നതിനുള്ള ശ്രമം ഉപേക്ഷിക്കുന്നതിന് സർക്കാർ തയ്യാറാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കോട്ടയം ജില്ലയിലെ ജലസേചനത്തിനും കുടിവെള്ളത്തിനുമായുള്ള പ്രധാന ജലസ്രോതസ്സാണ് മീനച്ചിലാർ. മീനച്ചിലാറിൽ വേനൽക്കാലങ്ങളിൽ ജലദൗർലഭ്യം രൂക്ഷമാകുന്നതുകൊണ്ടാണ് മീനച്ചിൽ ബേസിനെയും മൂവാറ്റുപുഴ ബേസിനെയും ബന്ധിപ്പിച്ച് മൂവാറ്റുപുഴ നദീതടത്തിലെ അധിക ജലം മീനച്ചിലാറിൽ എത്തിക്കുന്ന പദ്ധതി വിഭാവനം ചെയ്തത്. മൂലമറ്റം ജലവൈദ്യുത പദ്ധതിയിൽനിന്ന് വൈദ്യുതി ഉൽപാദനത്തിനുശേഷം പുറംതള്ളപ്പെടുന്ന അധിക ജലം മീനച്ചിലാറിലേക്ക് തിരിച്ചുവിടുന്നതിലൂടെ വേനൽക്കാലത്ത് മീനച്ചിൽ ബേസിനിലെ ജലദൗർലഭ്യം കുറയ്ക്കാൻ സാധിക്കും. ഇതുസംബന്ധിച്ച് വാപ്കോസ് ലിമിറ്റഡ് നടത്തുന്ന സാധ്യതാ പഠന റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിർദിഷ്ട മീനച്ചിലാർ പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി കോട്ടയം ജില്ലയിലെ ശുദ്ധജല ലഭ്യതയും കുടിവെള്ള ലഭ്യതയും ഉറപ്പുവരുത്താൻ

സാധിക്കും. മലങ്കര ഡാമിൽ അടിഞ്ഞുകിടക്കുന്ന എക്കലും ചെളിയും നീക്കം ചെയ്ത് റിസർവ് കപ്പാസിറ്റി വർധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ പരിശോധിക്കുന്നതാണ്.

## III സബ്മിഷൻ

### (1) കണ്ണൂർ വിമാനത്താവള വികസനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള റൺവേ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അധിക നഷ്ടപരിഹാരം അനുവദിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും അന്തിമവിജ്ഞാപനം പുറപ്പെടുവിച്ച് ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. വി. സുമേഷ്: കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾ അനുഭവിക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി രണ്ടുഘട്ടങ്ങളിലായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള

നടപടി പുരോഗമിക്കുകയാണ്. വിമാനത്താവള വികസത്തിന്റെ ഭാഗമായ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുത്ത് കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിപ്രദേശത്തെ കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും മൂല്യനിർണ്ണയം പൂർത്തിയാകുന്നമുറയ്ക്ക് തുക അനുവദിക്കുന്നതാണ്. ഭൂമിയേറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് ഒരു പ്രത്യേക പാക്കേജ് ശിപാർശ ചെയ്യാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ 14 കുടുംബങ്ങളുടെ കൈവശഭൂമിയും വസ്തുവകകളും ഏറ്റെടുക്കുന്നതിന് തീരുമാനിക്കുകയും വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രിതലത്തിൽ ഈ മാസം യോഗം ചേരാൻ തീരുമാനിച്ചിട്ടുമുണ്ട്.

(2) പ്രവാസി ക്ഷേമ പദ്ധതികൾ

ശ്രീ. ടി. വി. ഇബ്രാഹിം: പുതിയ പ്രവാസി ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും പ്രവാസി ക്ഷേമ ബോർഡിൽനിന്നുമുള്ള ആനുകൂല്യങ്ങൾ വർധിപ്പിച്ച് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ക്ഷേമനിധിയിൽ ചേരാനുള്ള പ്രായപരിധി 65 ആയി ഉയർത്തുന്നതിനും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനും നടപടി

സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രവാസികൾക്കായി സാന്ത്വന, പ്രവാസി ഭദ്രത, തൊഴിൽ പോർട്ടൽ തുടങ്ങിയ വിവിധ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. പെൻഷൻ തുകയും ക്ഷേമനിധി അംഗത്വത്തിനുള്ള പ്രായപരിധിയും വർധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും കളക്ടർ ചെയർമാനായി ജില്ലാ പ്രവാസി പരാതി പരിഹാര സമിതികൾ രൂപീകരിക്കുകയും പരാതികളിന്മേൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രവാസി മലയാളികളുടെ താൽപര്യം സംരക്ഷിക്കുന്നതിനും ക്ഷേമം ഉറപ്പാക്കുന്നതിനുമായി പ്രവാസി ഭാരതീയർ (കേരളീയർ) കമ്മിഷനും പ്രവർത്തിച്ചുവരുന്നു. പ്രവാസി മലയാളികൾക്കും കുടുംബാംഗങ്ങൾക്കുമായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(3) ഈറ്റ, മുള, കാട്ടുവള്ളി, തഴ തൊഴിലാളികളുടെ അംശദായം

ശ്രീ. ജി. സ്റ്റീഫൻ: ഈറ്റ, മുള, കാട്ടുവള്ളി, തഴ എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ഉൽപന്നങ്ങൾ വ്യാപാരം നടത്തുന്ന സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ്

നൽകുന്നതിനോടൊപ്പം പ്രസ്തുത തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിലേക്ക് അംശദായം അടയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഈറ്റ, മുള, കാട്ടുവള്ളി, തഴ, ചൂരൽ എന്നിവ ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതും വിപണനം ചെയ്യുന്നതുമായ സ്ഥാപനങ്ങളുടെ വിറ്റുവരവ് കണ്ടെത്തുന്നതിനുള്ള മാർഗമില്ലാത്തതിനാൽ വില്പനത്തുകയുടെ ഒരു ശതമാനം ക്ഷേമനിധിയിലേക്ക് അംശദായമായി കണ്ടെത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. പ്രസ്തുത വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കുന്ന അവസരത്തിൽ മുൻവർഷത്തെ വില്പനത്തുകയുടെ ആനുപാതികമായ അംശദായം ക്ഷേമനിധിയിലേക്ക് അടച്ചിട്ടുണ്ടെന്ന് സത്യവാങ്മൂലംകൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്ന നിബന്ധന ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(4) ശാസ്താംകോട്ട കായലിന് സമീപം വസിക്കുന്നവർക്ക് പട്ടയം

ശ്രീ. കോവൂർ കുഞ്ഞുമോൻ: ശാസ്താംകോട്ട കായലിന് സമീപത്തായി താമസിക്കുന്ന 13 കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിനും പട്ടയം ലഭ്യമായ പടിഞ്ഞാറേകല്ലട വില്ലേജിലെ 80-ലധികം കുടുംബങ്ങൾക്ക് വീട്

നിർമ്മിക്കുന്നതിനുമുള്ള അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ശാസ്താംകോട്ട കായലിന് സമീപത്തായി 30 വർഷങ്ങളായി വീട് വച്ച് താമസിക്കുന്നവരുടെ വിഷയം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രദേശം റാംസർ സൈറ്റിലുൾപ്പെട്ടതായതിനാൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും കൈയേറ്റങ്ങളും നിയമപ്രകാരം നിരോധിച്ചിട്ടുള്ളതും പാരിസ്ഥിതികാഘാത വ്യവസ്ഥയ്ക്ക് കോട്ടം തട്ടുന്ന രീതിയിലുള്ള ഒരു പ്രവർത്തനവും അനുവദനീയമല്ലാത്തതും കായൽ പുറമ്പോക്ക് ആയതിനാൽ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിവിന് വിധേയമല്ലാത്തതുമാണ്. പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ അനുയോജ്യമായ ഭൂമി കണ്ടെത്തി ശിപാർശ സമർപ്പിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് നിർദേശം നൽകുന്നതാണ്. പടിഞ്ഞാറേകല്ലടയിൽ പട്ടയം ലഭ്യമായവരുടെ ഭൂമിയിൽ വീട് നിർമ്മിക്കുന്ന വിഷയം സംബന്ധിച്ച് ബഹുമാന്യനായ എം.എൽ.എ., ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി ഈ സമ്മേളനകാലയളവിൽ യോഗം ചേർന്ന് ചർച്ച ചെയ്യുന്നതാണ്.

(5) കറ്റോട് പാലം പുനർനിർമ്മാണം

ശ്രീ. മാത്യു ടി. തോമസ്: തിരുവല്ല നിയോജമണ്ഡലത്തിലെ തിരുവല്ല-കുമ്പഴ റോഡിലുള്ള കറ്റോട് പാലം വീതി കൂട്ടി പുനർനിർമ്മിക്കുന്നതിനായി പ്രസ്തുത റോഡിന് കുറുകെ സ്ഥിതി ചെയ്യുന്ന കറ്റോട് ഷട്ടർ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തിരുവല്ല കോഴഞ്ചേരി സംസ്ഥാന പാതയിൽ കറ്റോട് തോടിന് കുറുകെ സ്ഥിതി ചെയ്യുന്ന കറ്റോട് ഷട്ടറിന്റെ പ്രവൃത്തിക്ക് 122 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുകയും ആയത് പരിശോധിച്ചുവരികയുമാണ്. തിരുവല്ല-കുമ്പഴ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി കറ്റോട് പാലം പുനർനിർമ്മാണം അനിവാര്യമായതിനാൽ ഈ വിഷയം പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(6) ചേറ്റുവ അഴിമുഖത്തെ മണ്ണ് നീക്കം ചെയ്യൽ

ശ്രീ. എൻ. കെ. അക്ബർ: തൃശ്ശൂർ ജില്ലയിലെ ചേറ്റുവ അഴിമുഖത്തും കായൽ പ്രദേശത്തും അടിഞ്ഞുകൂടിയിട്ടുള്ള എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തൃശ്ശൂർ ജില്ലയിലെ

ചേറ്റുവ അഴിമുഖത്തും അതിനോട് ചേർന്നുള്ള കായൽ പ്രദേശങ്ങളിലും സർവെ നടത്തി നീക്കം ചെയ്യേണ്ട മണ്ണിന്റെ അളവ് കണ്ടെത്തിയിട്ടുണ്ട്. മുനക്കകടവ് മുതൽ ചേറ്റുവ പാലം വരെയുള്ള ഭാഗത്ത് ചേറ്റുവ പുഴയിലെ ചെളി നീക്കി ആഴംകൂട്ടുന്ന പ്രവൃത്തിക്ക് നിരാക്ഷേപപത്രം അനുവദിക്കുകയും ഹാർബർ എഞ്ചിനീയറിങ് വകുപ്പ് പ്രവൃത്തി നടപ്പാക്കിവരികയുമാണ്.

(7) വഴുതക്കാട്-പൂജപ്പുര റോഡ് വികസനം

ശ്രീ. ആന്റണി രാജു: തിരുവനന്തപുരം ജില്ലയിലെ വഴുതക്കാട്-പൂജപ്പുര റോഡ്, അനുബന്ധ റോഡുകൾ, ജങ്ഷനുകൾ എന്നിവയുടെ വികസനം നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സംസ്ഥാനത്തെ 20 ജങ്ഷനുകൾ വികസിപ്പിക്കുന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഡി.പി.ആർ. അംഗീകാരത്തിനായി കിഫ്ബിക്ക് കൈമാറുകയും ഭൂമി ഏറ്റെടുക്കാനായി സാമ്പത്തികാനുമതി നൽകുകയും 6(1) വിജ്ഞാപനം പുറപ്പെടുവിച്ച് അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ ഡി.പി.ആർ. തയ്യാറാക്കാനാവശ്യമായ പരിശോധനകളും അനുബന്ധ പ്രവൃത്തികളും നടന്നുവരികയാണ്. ബേക്കറി ജങ്ഷൻ-വഴുതക്കാട്-ഡി.പി.ഐ. വരെയുള്ള റോഡും ബേക്കറി ജങ്ഷൻ

മുതൽ ഗവൺമെന്റ് വിമൻസ് കോളേജ് വരെയുള്ള റോഡും വീതി കൂട്ടുന്നത് സംബന്ധിച്ച ഇൻവെസ്റ്റിഗേഷനുവേണ്ടി 6.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെൻഡർ ചെയ്തിട്ടുണ്ട്. വെള്ളയമ്പലം ജങ്ഷന്റെ വികസനത്തിനുള്ള പരിശോധനകൾ പൊതുമരാമത്ത് വകുപ്പ് നടത്തുകയും വെള്ളയമ്പലം-മ്യൂസിയം-എൽ.എം.എസ്. റോഡ് വികസനം സംബന്ധിച്ച് സാധ്യതാ പഠനം നടത്തുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(8) മിനി ഊട്ടി റോഡ് നവീകരണം

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം ജില്ലയിലെ ടൂറിസം കേന്ദ്രമായ മിനി ഊട്ടിയിലേക്കുള്ള റോഡുകൾ ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർത്താൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മലപ്പുറം ജില്ലയിലെ ടൂറിസം കേന്ദ്രമായ മിനി ഊട്ടിയിലേക്കുള്ള രണ്ട് റോഡുകൾ ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർത്തണമെന്ന ആവശ്യം ഗൗരവമായി പരിശോധിക്കുന്നതാണ്. മലപ്പുറം നിയോജകമണ്ഡലത്തിലെ 101 കിലോമീറ്റർ റോഡ് ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്.

(9) അങ്കമാലി-കുണ്ടന്നൂർ ബൈപാസ് നിർമ്മാണം

ശ്രീ. റോജി എം. ജോൺ: അങ്കമാലി ബൈപാസ്, അങ്കമാലി-കുണ്ടന്നൂർ ബൈപാസ് എന്നിവയുടെ നിർമ്മാണത്തിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): അങ്കമാലി-കുണ്ടന്നൂർ ബൈപാസ് സാധ്യമാക്കാനായി ചരക്കുസേവന നികുതിയും റോയൽറ്റിയും ഒഴിവാക്കി 424 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത വഹിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. സർവെ നടപടികൾ പൂർത്തിയായശേഷം 3(ഡി) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് നഷ്ടപരിഹാര വിതരണത്തിലേക്ക് കടക്കുമെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ അങ്കമാലി ബൈപാസിനായി 275.52 കോടി രൂപ അനുവദിക്കുകയും ആർ.ബി.ഡി.സി.കെ.-യെ നിർവഹണ ഏജൻസിയായി നിശ്ചയിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്.

(10) നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്റർ പ്രവർത്തനസജ്ജമാക്കാനും ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പൂർത്തീകരിച്ചിട്ടുണ്ട്. ജല ലഭ്യത ഉറപ്പുവരുത്താൻ തൂണേരി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ എച്ച്.റ്റി. കണക്ഷൻ ആവശ്യമായതിനാൽ തൂണേരി ബ്ലോക്ക് പഞ്ചായത്ത് 53 ലക്ഷം രൂപ അനുവദിക്കുകയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നാദാപുരം താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള

കടലാസുകൾ മേശപ്പുറത്തുവച്ചു.

## V നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം:

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളന കാലയളവിൽ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിക്ക് 2025 മാർച്ച് 3 മുതൽ 25 വരെയുള്ള യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം ചോദിച്ചുകൊണ്ടുള്ള അപേക്ഷ സഭ പരിഗണിക്കുകയും അനുവാദം നൽകുകയും ചെയ്തു.

## VI ധനകാര്യം

### 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

ധനാഭ്യർഥന നമ്പർ VIII - എക്സൈസ്
(425,77,04,000 രൂപ)

ധനാഭ്യർഥന നമ്പർ XXII - നഗര വികസനം
(2049,71,54,000 രൂപ)

ധനാഭ്യർഥന നമ്പർ XXXV - പഞ്ചായത്ത്
(1204,68,50,000 രൂപ)

ധനാഭ്യർഥന നമ്പർ XXXVI - ഗ്രാമവികസനം
(6944,64,49,000 രൂപ)

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

ധനാഭ്യർഥന നമ്പർ XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം (26639,16,12000 രൂപ)

ധനാഭ്യർഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും (1222,58,15,000 രൂപ)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

ധനാഭ്യർഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും (15716,47,21,000 രൂപ)

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയേയും നഗരവികസനം എന്ന XII-ാം

നമ്പർ ധനാഭ്യർഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർഥനയേയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയേയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമം എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയേയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയേയും സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. അധികാരവികേന്ദ്രീകരണത്തിലും പ്രാദേശിക വികസനത്തിലും മികച്ച പ്രകടനം നടത്തുന്ന രാജ്യത്തെ ഒന്നാമത്തെ സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞിട്ടുണ്ട്. 2025-26 സാമ്പത്തികവർഷം പദ്ധതി വിഹിതത്തിന്റെ 28 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ചത് സർക്കാരിന്റെ അധികാര വികേന്ദ്രീകരണത്തോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നു. ലൈഫ് പദ്ധതി മുഖേന അഞ്ചരലക്ഷത്തിലധികം വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനായത്

അഭിമാനാർഹമാണ്. മെറ്റൽ റോഡുകളുടെ ടാറിങ്ങിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് ഇളവനുദിക്കുന്നത് സംബന്ധിച്ച് പരിശോധിക്കണം. മാലിന്യ സംസ്കരണത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ കഴിഞ്ഞത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തന മികവ് വ്യക്തമാക്കുന്നതാണ്. അതിദാരിദ്ര്യത്തിൽനിന്നും മുക്തമാക്കിയ കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുകയും ഭാവി പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും വേണം. വർഗീയതയില്ലാത്ത സമൂഹ സൃഷ്ടിക്ക് കുടുംബശ്രീയെ പ്രയോജനപ്പെടുത്തണം. പി.എം.എ.വൈ. ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ബ്രാൻഡിങ് വേണമെന്ന കേന്ദ്രനിർദേശത്തിനെതിരെ പ്രതികരിക്കാൻ കക്ഷി-രാഷ്ട്രീയ ഭേദമന്യേ എല്ലാവരും തയ്യാറാകണം. കൊച്ചി ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റിലെ നിർദേശങ്ങൾ നടപ്പാക്കാൻ മുൻകൈയെടുക്കണം. സ്പോർട്സ് കേരള ഫൗണ്ടേഷനെ ശക്തിപ്പെടുത്തുന്നതിനും തൃശ്ശൂരിലെ ഐ. എം. വിജയൻ അന്താരാഷ്ട്ര കായിക സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കുന്നംകുളം സ്പോർട്സ് ഡിവിഷനിൽ ഫിറ്റ്നസ് സെന്റർ, ടോയ്‌ലറ്റ് കോംപ്ലക്സ്, നീന്തൽക്കുളം എന്നിവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രവാസിക്ഷേമ

പെൻഷൻ വർധിപ്പിക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: ധനാഭ്യർഥനകളെ എതിർക്കുന്നു. ലഹരിവിരുദ്ധ ക്യാമ്പയിനിനായി വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച ഫണ്ട് വെട്ടിക്കുറച്ച നടപടി പ്രതിഷേധാർഹമാണ്. സംസ്ഥാനത്ത് ലഹരി വ്യാപനം തടയുന്നതിൽ എക്സൈസ് വകുപ്പ് സമ്പൂർണ്ണ പരാജയമാണ്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ പ്രഹസനമായി മാറിയിരിക്കുകയാണ്. ലഹരിവിരുദ്ധ ക്യാമ്പയിൻ പ്രവർത്തനങ്ങൾ യുവജനകാര്യം, സ്പോർട്സ്, സാമൂഹ്യക്ഷേമ വകുപ്പുകൾക്ക് കൈമാറണം. ചെക്ക് പോസ്റ്റുകളിൽ എക്സൈസ് ഇൻസ്പെക്ടർമാരെ നിയമിക്കാത്തത് വകുപ്പിന്റെ കെടുകാര്യസ്ഥത വ്യക്തമാക്കുന്നതാണ്. ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ, ലൈംഗികചൂഷണം തുടങ്ങിയവ സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിന് സ്കൂളുകളിൽ ആഴ്ചയിൽ ഒരു പിരീഡ് അനുവദിക്കണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികവുറ്റ പ്രവർത്തനങ്ങൾ ലോകശ്രദ്ധയാകർഷിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽനിന്നുള്ള വിദ്യാർഥികൾക്ക് കേരളത്തിൽ ഉപരിപഠനം സാധ്യമാക്കുന്ന വിധത്തിൽ കരിക്കുലം പരിഷ്കരിക്കണം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ

വിദ്യാലയങ്ങൾ മികവുറ്റതാക്കാനായതും വിദ്യാഭ്യാസ മേഖല സമ്പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യാൻ സാധിച്ചതും അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ആരംഭിച്ചതും അഭിമാനകരമാണ്. അധ്യാപകരെ വിദ്യാർത്ഥികളുടെ മെന്റർമാരായി മാറ്റാനും ലോകനിലാരത്തിലുള്ള മത്സരപരീക്ഷകൾക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കുംവിധം സിലബസ് പരിഷ്കരിക്കാനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തുനിന്നും വിദ്യാർത്ഥികൾ പഠനത്തിനും ജോലിക്കുമായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്ന പ്രവണത പഠനവിധേയമാക്കണം. വാർഡുതലങ്ങളിൽ കളിസ്ഥലങ്ങൾ സജ്ജീകരിക്കുന്നതിനും സ്കൂൾ ഗ്രൗണ്ടുകൾ നവീകരിച്ച് പൊതുജനങ്ങൾക്കുകൂടി ഉപയോഗപ്പെടുത്താനും നടപടിയെടുക്കണം. സ്പോർട്സ് വകുപ്പിന് വകയിരുത്തിയ തുക സമയബന്ധിതമായി വിനിയോഗിക്കണം. എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ മികവുറ്റതാണ്. പട്ടാമ്പി താലൂക്കാസ്ഥാനത്ത് ഒരു എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. ബഷീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എക്സൈസ് ക്രൈം ബ്രാഞ്ചിൽ സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനും KEMU-ൽ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനും നടപടിയുണ്ടാകണം. കർശന

വ്യവസ്ഥകൾ ഉൾപ്പെടുത്തി റാഗിങ് നിരോധന നിയമം ശക്തിപ്പെടുത്തണം. മുന്നൊരുക്കങ്ങളില്ലാതെ ആരംഭിച്ച നാല് വർഷ ഡിഗ്രി കോഴ്സ് സംബന്ധിച്ച് പുനഃപരിശോധിക്കണം. സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്ക് മാനദണ്ഡം നിശ്ചയിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. യുവകലാകാരൻമാരെ പ്രോത്സാഹിപ്പിക്കാൻ വജ്രജൂബിലി ഫെലോഷിപ്പ് നടപ്പാക്കി വർഷംതോറും ബജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്നതും കടലിന്റെ മക്കളുടെ സർഗാത്മക കഴിവുകളെ വളർത്താനുള്ള വേദിയായി കടൽമിഴി പദ്ധതി ആരംഭിച്ചതും സ്വാഗതാർഹമാണ്. റൂറൽ ആർട്ട് ഹബ്ബ് മുഖേന നാടൻ കലാ രൂപങ്ങൾ രൂപപ്പെടുത്തി വില്പന നടത്താനും അതിലൂടെ വരുമാനമുണ്ടാക്കാനുമുള്ള പ്രവർത്തനം സാംസ്കാരിക വകുപ്പ് നടത്തുന്നുണ്ട്. എസ്.സി./എസ്.ടി. വിഭാഗക്കാരെ ചലച്ചിത്ര രംഗത്തേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി നാല് സംവിധായകർക്ക് ഒന്നരക്കോടി രൂപവീതം നൽകി സിനിമ നിർമ്മിച്ച നടപടി ശ്ലാഘനീയമാണ്. ഗവൺമെന്റ് ഉടമസ്ഥതയിൽ ഒ.ടി.ടി. പ്ലാറ്റ്ഫോമും സിനിമാ സാങ്കേതിക മേഖലയിൽ സ്ത്രീസാന്നിധ്യം വർധിപ്പിക്കാനുള്ള തൊഴിൽ പരിശീലന പരിപാടികളും ആരംഭിക്കുകയും അന്താരാഷ്ട്ര

നാടകോത്സവം സംഘടിപ്പിക്കുകയും രാജ്യത്താദ്യമായി കലാകാരൻമാരുടെ ഡാറ്റാ ബാങ്ക് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മലയാള സിനിമയുടെ വളർച്ചയുടെയും വികാസത്തിന്റെയും അടയാളപ്പെടുത്തലുകളായി മാറ്റാനുതകുന്ന മ്യൂസിയം യാഥാർത്ഥ്യമാക്കണം. ബുക്ക്മാർക്കിന്റെയും വാസ്തുവിദ്യാ ഗുരുകുലത്തിന്റെയും പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. മലയാളം മിഷന്റെ 22 ചാപ്റ്ററുകൾ ആരംഭിച്ചിട്ടുണ്ട്. മലയാള ഭാഷാപ്രയോഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ഓൺലൈനാക്കാൻ നടപടി സ്വീകരിക്കണം. കായിക രംഗത്തെ 960 പേർക്ക് ജോലി നൽകാനും 354 കളിക്കളങ്ങൾ സജ്ജമാക്കാനും കായിക വകുപ്പിന് സാധിച്ചിട്ടുണ്ട്.

ശ്രീ. പി. നന്ദകുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾക്കുപകരം നാല് ലേബർ കോഡുകൾ പ്രാബല്യത്തിലാകുന്നതോടെ മിനിമം കൂലി ലഭിക്കാത്ത സ്ഥിതി സംജാതമാകുമെന്ന ആശങ്ക തൊഴിലാളികൾക്കുണ്ട്. ജോലി സമയം 12 മണിക്കൂറാക്കാമെന്ന നിബന്ധനയിലൂടെ ഐ.ടി. മേഖലയിലും മറ്റും നടന്നുവരുന്ന അധ്വാനചൂഷണത്തിന് നിയമപരിരക്ഷ ലഭിക്കുന്നതാണ്. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് തടയിടാനും വെൽഫെയർ ഫണ്ട് ബോർഡുകളുടെ നിലനിൽപ് അവതാളത്തിലാക്കാനുമുള്ള പുതിയ

നിയമത്തിലെ വ്യവസ്ഥകൾക്കെതിരെ പ്രതിഷേധിക്കേണ്ടതുണ്ട്. ലേബർ കോഡുകൾ പ്രയോഗത്തിലാകുന്നതോടെ പ്രക്ഷോഭങ്ങളിലൂടെ നേടിയെടുത്ത തൊഴിലാളികളുടെ അവകാശങ്ങളും സേവന-വേതന വ്യവസ്ഥകളും ഇല്ലാതാകുമെന്ന കാര്യത്തിൽ സംശയമില്ല. പുതിയ നിയമത്തിൽ സ്കീം വർക്കേഴ്സിന് യാതൊരുവിധ നിയമപരിരക്ഷയും ഉറപ്പുവരുത്തിയിട്ടില്ല. കേരളത്തിൽ ഈ കരിനിയമങ്ങൾ നടപ്പാക്കില്ലെന്ന് പ്രഖ്യാപിക്കാൻ ഗവൺമെന്റിന് സാധിക്കേണ്ടതുണ്ട്. ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന രീതിയിൽ ഒരു സമഗ്ര സാംസ്കാരിക നയം രൂപപ്പെടുത്താൻ കഴിയണം. സംസ്ഥാനത്തെ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് വർധിപ്പിക്കുകയും കലാകാരൻമാരെ പ്രോത്സാഹിപ്പിക്കാനുള്ള ഇടപെടൽ നടത്തുകയും ചെയ്യണം. ലഹരിക്കെതിരായ അവബോധം കുടുംബത്തിൽനിന്ന് ആരംഭിച്ച് പഠന-തൊഴിൽ മേഖലകളിലും പൊതുയിടങ്ങളിലും ശക്തമായ രൂപത്തിൽ സൃഷ്ടിക്കാനുള്ള ക്യാമ്പയിൻ സംഘടിപ്പിക്കാനും കടൽമാർഗമുള്ള ലഹരി വരവ് തടയുന്നതിനുള്ള ശക്തമായ ഇടപെടൽ നടത്താനും സാധിക്കണം. കായികമേഖലയെ ശക്തിപ്പെടുത്താനും ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന രീതിയിൽ സംസ്ഥാനത്ത് സ്പോർട്സ് നയം നടപ്പാക്കാനും സാധിക്കണം.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: ധനാഭ്യർഥനകളെ എതിർക്കുന്നു. മതിയായ ഉദ്യോഗസ്ഥരില്ലാത്തതിനാൽ എക്സൈസ് വകുപ്പ് നടത്തുന്ന അവയർനെസ് പ്രോഗ്രാം മറ്റൊരു വകുപ്പിന് കൈമാറാനുള്ള നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, സൈബർ സെൽ ഉദ്യോഗസ്ഥർ തുടങ്ങിയ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതും ഇവർക്കാവശ്യമായ വാഹനമോ ആയുധമോ നൽകാൻ സാധിക്കാത്തതും പ്രതിഷേധാർഹമാണ്. കേരളത്തിലെ ഒരു സർവകലാശാലയിലൊഴികെ മറ്റൊരു സർവകലാശാലയിലും വൈസ് ചാൻസലർമാരില്ലാത്തതും 42 ഗവൺമെന്റ് കോളേജുകളിൽ പ്രിൻസിപ്പാൾമാരില്ലാത്തതും അപലപനീയമാണ്. വിദ്യാഭ്യാസത്തെ ലോകനിലവാരത്തിലേക്കെത്തിക്കുന്നതിന് കൊണ്ടുവന്ന ഫോർ ഇയർ യു.ജി. പ്രോഗ്രാമുകളുടെ അവസ്ഥ ദയനീയമാണ്. ദേശീയ ഗെയിംസിലെ കേരളത്തിന്റെ പരിതാപകരമായ പ്രകടനവും സ്പോർട്സ് ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥയും സ്പോർട്സ് വകുപ്പിന്റെ പരാജയം വ്യക്തമാക്കുന്നതാണ്.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. ആധുനിക സൗകര്യങ്ങൾ, നിർവഹണ ഉപകരണങ്ങൾ എന്നിവ നൽകിയും

ഓഫീസുകൾ നവീകരിച്ചും ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയും എക്സൈസ് വകുപ്പിന് പുതിയ മുഖം നൽകാൻ ശ്രമിക്കുന്ന നടപടി അഭിനന്ദനാർഹമാണ്. ഘട്ടംഘട്ടമായി മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനുള്ള ശക്തമായ ബോധവൽക്കരണ പ്രവർത്തനം നടത്തുമ്പോഴും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർധിച്ചുവരുന്നത് ഗൗരവമായി കാണണം. സെൻസർ ബോർഡുകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രതിനിധിയെകൂടി ഉൾപ്പെടുത്തണം. എക്സൈസ്/പോലീസ് വകുപ്പുകളുടെ അംഗബലം വർധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. കുട്ടികളുടെയും കൗമാരക്കാരുടെയും ഊർജത്തെ ക്രിയാത്മകമായ പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടാൻ കഴിയുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. തീരദേശ മേഖലയിൽ സംഘടിപ്പിച്ച 'കടൽ മിഴി' പദ്ധതി ശ്രദ്ധേയമാക്കാൻ സാംസ്കാരിക വകുപ്പിനായിട്ടുണ്ട്. കേരളത്തിന് ഒരു ആർട്ട് കമ്പോളം രൂപീകരിക്കാനും സംഗീതത്തിനും നൃത്തത്തിനുമായി ഒരു ഫെസ്റ്റിവൽ സംഘടിപ്പിക്കാനും സർഗ്ഗാവിഷ്കാരത്തിനും മാനസിക ഉല്ലാസത്തിനും വഴിയൊരുക്കുന്ന നൂതന പദ്ധതികൾ അവതരിപ്പിക്കാനും കഴിയണം. സംസ്ഥാനത്താദ്യമായി ഒരു കായികനയം രൂപീകരിച്ച സ്പോർട്സ് വകുപ്പിനെ അഭിനന്ദിക്കുകയാണ്.

കൊച്ചിയിൽ ഒരു വാട്ടർ ഒളിമ്പിക്സ് സംഘടിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എം. നൗഷാദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യത്യസ്ത തലങ്ങളിൽ ജോബ് ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ട് സ്വകാര്യമേഖലയിൽ തൊഴിൽ നൽകാൻ സാധിച്ചതും സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം തൊഴിലും നൽകാൻ സാധിച്ചതും കൊട്ടാരക്കരയിൽ ഡ്രോൺ ഇന്നൊവേഷൻ പാർക്ക് സ്ഥാപിച്ചതും അഭിനന്ദനാർഹമാണ്. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി സ്വീകരിക്കണം. എക്സൈസ് വകുപ്പിൽ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുകയും 22 ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുകയും 1700 ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വിതരണം ചെയ്യുകയും പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കാനുള്ള വെഹിക്കിൾ യാർഡുൾപ്പെടെ ക്രമീകരിക്കുകയും ചെയ്തത് ശ്ലാഘനീയമാണ്. കുറഞ്ഞ അളവിൽ ലഹരിവസ്തുക്കൾ കൈവശം വച്ചാൽ ജാമ്യം ലഭിക്കുന്ന നിലവിലെ നിയമവ്യവസ്ഥയിൽ മാറ്റം വരുത്തണം.

ശ്രീ. എ. പ്രഭാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2019

മുതലുള്ള എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പുകളുടെ കുടിശ്ശിക നൽകാനായതും കൈറ്റ്, വിക്ടേഴ്സ് ചാനലുകളിലൂടെ സൗജന്യ എൻട്രൻസ് പരീക്ഷാ പരിശീലനം നൽകാൻ സാധിച്ചതും സ്മാർട്ട് ക്ലാസ് റൂമുകളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്താനുള്ള സമിതിയുടെ പ്രവർത്തനം ആരംഭിച്ചതും അഭിനന്ദനാർഹമാണ്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചതും പ്രീ-പ്രൈമറി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന വർണ്ണക്കൂടാരം പദ്ധതി നടപ്പാക്കിയതും വിദ്യാഭ്യാസ ഗുണനിലവാരം വർധിപ്പിക്കാൻ എഡ്യൂക്കേഷൻ ടെക്നോളജി ലാബ് സ്ഥാപിച്ചതും വിദ്യാകിരണം, ഹൈടെക് പദ്ധതികൾ വഴി ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ സാധിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. മലമ്പുഴ നിയോജകമണ്ഡലത്തിലെ കളിക്കളം പദ്ധതിയിലുൾപ്പെട്ട സ്റ്റേഡിയത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. സമഗ്ര കായികവികസനം ലക്ഷ്യമിട്ട് വിദേശ ഗവൺമെന്റുകളുമായുള്ള സഹകരണം ശക്തിപ്പെടുത്താൻ കായിക വകുപ്പ് നടത്തിയ ശ്രമം ശ്രദ്ധേയമാണ്. തദ്ദേശസ്ഥാപനങ്ങളുടെ സേവനങ്ങൾ ഓൺലൈൻ മുഖാന്തരം ലഭ്യമാക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോർപ്പറേഷനുകളിൽനിന്ന് വിരമിച്ച ജീവനക്കാർക്കായി രൂപീകരിച്ച സെൻട്രൽ പെൻഷൻ ഫണ്ടിലേക്കുള്ള സർക്കാർ വിഹിതം കുടിശ്ശിക സഹിതം നൽകാനുള്ള നടപടി സ്വീകരിക്കണം. GeM (Government e Marketplace)-ന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. സ്പിൽ ഓവർ വർക്കുകളുടെ ക്യാരി ഓവർ വിഹിതം പുന:ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ലൈഫ് മിഷൻ പദ്ധതിക്കായി വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാത്തത് ഖേദകരമാണ്. ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാരെ നിയമിക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും നടപടി സ്വീകരിക്കണം. ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ മെയിന്റനൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം. വിദ്യാഭ്യാസ മേഖലയ്ക്കായി വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കണം. പ്രീ പ്രൈമറി അധ്യാപകർക്ക് ശമ്പളവും വേതനവും നൽകാനും യൂണിഫോം, ഉച്ചഭക്ഷണം എന്നിവ വിതരണം ചെയ്യുന്നതിനും തുക അനുവദിക്കണം. 2024-25 വർഷത്തെ അധ്യാപകരുടെ തസ്തിക നിർണ്ണയം നടത്തുകയും നോഷണൽ അധ്യാപകരായി നിയമിച്ചവർക്ക് അംഗീകാരവും ശമ്പളവും നൽകുന്നതിനുമാവശ്യമായ നടപടി

സ്വീകരിക്കുകയും ചെയ്യണം. കായിക മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തി മികച്ച കായിക താരങ്ങളെ സൃഷ്ടിക്കാനും മലപ്പുറത്ത് അത്‌ലറ്റിക് സ്റ്റേഡിയം, സ്പോർട്സ് കോംപ്ലക്സ് എന്നിവ നിർമ്മിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എം. എസ്. അരുൺ കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ വികസനപ്രവർത്തനങ്ങളിലൂടെ നവകേരളം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കിവരുന്നത്. കിഫ്ബിയിലൂടെ നിരവധി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാനും ആധുനികവൽക്കരിക്കാനും സാധിച്ചിട്ടുണ്ട്. വർണ്ണക്കൂടാരം പദ്ധതിയിലൂടെ പ്രീ പ്രൈമറി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കാൻ സാധിച്ചതും വിദ്യാർത്ഥികളുടെ ആരോഗ്യവും വികസനവും നിരീക്ഷിക്കുന്നതിനും തുടർപ്രവർത്തനം നടത്തുന്നതിനും ഐ.എം.എ.-യുമായി ചേർന്ന് ഹെൽത്ത് കാർഡ് പദ്ധതി നടപ്പാക്കിയതും പ്രശംസനീയമാണ്. വിദ്യാഭ്യാസ മേഖലയിൽ ഫയൽ അദാലത്തുകൾ നടത്തിയതിലൂടെ പെൻഡിങ് ഫയലുകളുടെ എണ്ണം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 'നോ ടു ഡ്രഗ്സ്' ക്യാമ്പയിൻ സംഘടിപ്പിച്ചതും ഭിന്നശേഷി കുട്ടികളെ

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും കായിക മേഖലയിൽ ഇൻക്ലൂസീവ് സ്പോർട്സ് മാനുവലിന് അംഗീകാരം നൽകിയതും ലൈഫ് പദ്ധതിയിലൂടെ നിരവധി വീടുകൾ പൂർത്തീകരിച്ചതും പ്രശംസനീയമാണ്. സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. സ്കൂൾ കലോത്സവത്തിൽ അഞ്ച് പുതിയ ഇനങ്ങൾ ഉൾപ്പെടുത്തിയതും കായിക മേഖലയിൽ പ്രീ ഒളിമ്പിക്സ് മീറ്റ് സംഘടിപ്പിച്ചതും നൂതനവും ശ്രദ്ധേയവുമായ നടപടികളാണ്. പഠനനിലവാരം ഉയർത്താനായി എട്ടാംതരം മുതൽ മികവിനനുസരിച്ച് മാത്രം വിദ്യാർഥികളെ വിജയിപ്പിക്കാൻ തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. ഹൈസ്കൂൾ-ഹയർ സെക്കൻഡറി സ്കൂളുകളിലെ പി.ടി.എ. കമ്മിറ്റികളിൽ വിദ്യാർഥി പ്രതിനിധികളെക്കൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും തുക അനുവദിച്ചത് മാതൃകാപരമാണ്. ജനന-മരണ രജിസ്ട്രേഷൻ, വ്യാപാര-വ്യവസായ ലൈസൻസ്, വസ്തുനികുതി, ബിൽഡിങ് പെർമിറ്റ് തുടങ്ങിയ സേവനങ്ങൾ കെ-സ്മാർട്ട് ആപ്ലിക്കേഷൻവഴി ലഭ്യമാക്കിയതും നഗരനയം നടപ്പാക്കിയതും അഭിനന്ദനാർഹമാണ്.

തൊഴിൽനികുതി പുതുക്കിയതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. 10 വർഷം പൂർത്തിയാക്കിയ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്താനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ ശുചീകരണ തൊഴിലാളികളെ നഗരസഭകളിൽ നിയമിക്കുന്നത് തടയാനും കണ്ടിജന്റ് തൊഴിലാളികളുടെ അധിക തസ്തിക സൃഷ്ടിക്കാനും അവരുടെ താൽക്കാലിക സർവീസ്കൂടി സേവന കാലയളവായി പരിഗണിക്കാനും നടപടി സ്വീകരിക്കണം. സ്കീം വർക്കേഴ്സിനെ തൊഴിൽ നിയമങ്ങളുടെ പരിധിയിൽകൊണ്ടുവരാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തണം. പാചക വാതക മേഖലയിലെ ഡ്രൈവർ, ഡെലിവറി ബോയ് എന്നിവരെ രണ്ട് തൊഴിലാളികളായി പരിഗണിച്ച് അർഹമായ ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. സ്പോർട്സ് മേഖലയിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള നടപടി മാതൃകാപരമാണ്. ചേറ്റുവയിൽ രാമു കാര്യാട്ട് സ്മാരക തീയേറ്ററിന്റെ നിർമ്മാണ പ്രവൃത്തി എത്രയും വേഗം ആരംഭിക്കണം. വനിതകൾക്കും പട്ടികജാതി വിഭാഗക്കാർക്കും സിനിമ നിർമ്മിക്കാൻ ബജറ്റിൽ തുക വകയിരുത്തിയതും വജ്രജൂബിലി ഫെല്ലോഷിപ്പ് ഏർപ്പെടുത്തിയതും ശ്ലാഘനീയമാണ്. കലാമണ്ഡലത്തിലെ

വിദ്യാർഥികൾക്കും കലാകാരൻമാർക്കും സർക്കാർ പരിപാടികളിൽ കൂടുതൽ അവസരങ്ങൾ നൽകണം. കലാമണ്ഡലം കേന്ദ്രീകരിച്ച് ക്ലാസിക്കൽ ഇന്റർനാഷണൽ ഫെസ്റ്റ് നടത്താൻ മുൻകൈയെടുക്കണം. ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസത്തിനായി സർക്കാർ മേഖലയിൽ സ്ഥാപനങ്ങൾ അനുവദിക്കാനും KUFOS-ന്റെ സബ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാനും എക്സൈസ് ഓഫീസ് കെട്ടിട നിർമ്മാണം ത്വരിതഗതിയിൽ പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ടി. ജെ. വിനോദ്: ധനാഭ്യർഥനകളെ എതിർക്കുന്നു. ഭൂമിയിന്മേലുള്ള അവകാശം പുനഃസ്ഥാപിച്ച് കിട്ടണമെന്ന മുനമ്പം നിവാസികളുടെ ആവശ്യത്തിന്മേൽ സർക്കാർ അടിയന്തര ഇടപെടൽ നടത്തണം. ആധുനിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തി കായികരംഗത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കണം. നാഷണൽ ഗെയിംസിനായി നവീകരിച്ച സ്റ്റേഡിയങ്ങൾ കായിക പരിശീലന കേന്ദ്രങ്ങളാക്കാനും ദേശീയ/അന്തർദേശീയ തലങ്ങളിൽ മെഡലുകൾ നേടുന്ന താരങ്ങൾക്ക് ക്യാഷ് അവാർഡ്, സർക്കാർ ജോലി എന്നിവ നൽകാനും നടപടി സ്വീകരിക്കണം. സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ഫുഡ് അലവൻസ് യഥാസമയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

സ്കൂളുകൾക്കാവശ്യമായ സ്പോർട്സ് ഫെസിലിറ്റീസ് ഗൈഡ്ലൈൻസ് തയ്യാറാക്കുന്നതിനും കായികവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതിനും നടപടി സ്വീകരിക്കണം. പദ്ധതി വിഹിതം യഥാസമയം വിതരണം ചെയ്യാത്തത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. PMAY രണ്ടാംഘട്ട പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യസുരക്ഷാ മേഖലകളിൽ സ്തുത്യർഹമായ സേവനമാണ് സർക്കാർ നടത്തിവരുന്നത്. പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്താനും ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബായി കേരളത്തെ മാറ്റാനുമുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. സ്കൂൾ/കോളേജുകളിലെ ലഹരി ഉപയോഗം തടയാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി പോരാടണം. സംസ്ഥാനത്തെ 45000 ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലാക്കാനും 11275 സ്കൂളുകളിൽ ഹൈടെക് ലാബുകൾ സ്ഥാപിക്കാനും സാധിച്ചിട്ടുണ്ട്. അരുവിക്കര നിയോജകമണ്ഡലത്തിലെ ആനപ്പാറ ഗവൺമെന്റ് ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കാനും ആര്യനാട് ഐ.ടി.ഐ.-ക്ക് ഹോസ്റ്റൽ കെട്ടിടം അനുവദിക്കാനും നടപടി

സ്വീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് 15980 കോടി രൂപ വകയിരുത്തിയതും ലൈഫ് മിഷൻ പദ്ധതിയിൽ 544000 വീടുകൾ അനുവദിച്ചതും കായിക താരങ്ങൾക്ക് നിയമനം നൽകിയതും സ്വാഗതാർഹമാണ്.

ശ്രീ. എച്ച്. സലാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലൈഫ് മിഷൻ പദ്ധതിയിൽ 544000 വീടുകൾ അനുവദിക്കുകയും നാല് ലക്ഷത്തോളം വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2025 നവംബർ 1-ന് കേരളത്തെ അതിദാരിദ്ര്യ വിമുക്തമായി പ്രഖ്യാപിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. കെ-സ്മാർട്ടിന്റെ സേവനം മെച്ചപ്പെടുത്താനും സംസ്ഥാനത്തെ മാലിന്യപ്രശ്നം പരിഹരിക്കാനും സാധിച്ചിട്ടുണ്ട്. ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള നടപടി സ്വീകരിക്കണം. മൺമറഞ്ഞുപോയ കലാരൂപങ്ങൾ വീണ്ടെടുക്കാനും മഴമിഴി, കടൽമിഴി, തളിർമിഴി, ഗ്രാമോത്സവങ്ങൾ, സമം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കാനും സാധിച്ചത് ശ്ലാഘനീയമാണ്. സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള വാർഷിക ഗ്രാന്റ്, കലാകാര പെൻഷൻ, ചികിത്സാ സഹായം എന്നിവ വർധിപ്പിക്കാനും ആലപ്പുഴ ഉദയ സ്റ്റുഡിയോ നിലനിൽക്കുന്നിടത്ത് റാമോജി ഫിലിം സിറ്റി മോഡലിൽ പുതിയ ഫിലിം

സിറ്റി സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. കായിക വകുപ്പിൽ മൂവായിരം കോടി രൂപയുടെ അടിസ്ഥാനസൗകര്യമൊരുക്കാനും തൊള്ളായിരത്തിലേറെ കായികതാരങ്ങൾക്ക് നിയമനം നൽകാനും സാധിച്ചത് അഭിനന്ദനാർഹമാണ്. 5050 കോടി രൂപയുടെ നിക്ഷേപത്തിന് ധാരണയായിട്ടുള്ള ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റിന്റെ തുടർപ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കണം. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കാനും ഇ.എം.എസ്. സ്റ്റേഡിയം പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മാത്യു ടി. തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന് സമ്പൂർണ്ണ വെളിയിട വിസർജന വിമുക്ത പദവി നേടിയെടുക്കാനും ലൈഫ് മിഷൻ പദ്ധതിയിലൂടെ 5 ലക്ഷത്തിലധികം വീടുകൾ നൽകാനായതും മാലിന്യമുക്ത നവകേരളം എന്ന ആശയം നടപ്പാക്കുന്നതും ശ്ലാഘനീയമാണ്. ഹരിതകർമ്മസേനയ്ക്ക് നൽകേണ്ട യൂസർഫീ ഫലപ്രദമായി ഈടാക്കാൻ സാധിക്കണം. മാലിന്യം വലിച്ചെറിയുന്നവരിൽനിന്നും ഈടാക്കുന്ന പിഴയുടെ ഒരു ശതമാനം അത് കണ്ടെത്തുന്നവർക്ക് ഇൻസെന്റീവായി നൽകുമെന്നുള്ള പ്രഖ്യാപനം

നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇംപ്ലിമെന്റിങ് ഏജൻസികൾ സജീവമായി പ്രവർത്തിക്കാനുള്ള സംവിധാനമൊരുക്കണം. പ്ലാസ്റ്റിക് മാലിന്യങ്ങളോടൊപ്പം അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നതിന് ഹരിത കർമ്മ സേനയ്ക്ക് നിർദേശം നൽകണം. പ്ലാസ്റ്റിക്/പേപ്പർ കപ്പുകളുടെ ഉപയോഗം ഗുരുതര ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന അവബോധം ജനങ്ങളിലുണ്ടാക്കുന്നതിനും മാലിന്യമുക്ത നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ഇവ നിരോധിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ എല്ലാ വീടുകളിലും ഉറപ്പാക്കണം. പ്രധാന ജങ്ഷനുകൾ സൗന്ദര്യവൽക്കരിച്ചുകൊണ്ട് 'മാലിന്യമുക്ത നവകേരളം' എന്നതിനുപകരം 'സൗന്ദര്യവൽക്കരിക്കപ്പെട്ട നവകേരളം' എന്ന ലക്ഷ്യം കൈവരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പ്രളയകാലത്ത് ആരംഭിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെട്ട പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ് വിങ് ശാക്തീകരിക്കുന്നതിനുമുള്ള നടപടിയുണ്ടാകണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർഥനകളെ എതിർക്കുന്നു. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച 7500 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാസമയം നൽകാത്ത ദു:സ്ഥിതിയാണ് നിലനിൽക്കുന്നത്. ട്രഷറികൾ കാലിയാകുകയും ബില്ലുകൾ ക്യൂവിലായിരിക്കുകയുമാണ്. പഞ്ചായത്തിന്റെ അധികാരങ്ങൾ കവർന്നെടുത്ത് വികേന്ദ്രീകരണത്തിനുപകരം അധികാര കേന്ദ്രീകരണമാണ് നടക്കുന്നത്. എൻഫോഴ്സ്മെന്റിന്റെ പോരായ്മ കാരണം ലഹരി വ്യാപനം വർധിച്ചുവരികയാണ്. എല്ലാ സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കാത്തത് അപലപനീയമാണ്. നിലവാര തകർച്ചമൂലം ഉന്നത വിദ്യാഭ്യാസമേഖല പ്രതിസന്ധിയിലായിരിക്കുകയാണ്. സർവകലാശാലകളിൽ ഡിഗ്രി-പി.ജി. തലങ്ങളിൽ നിരവധി സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആഗോള പൗരനാകാൻ ശ്രമിക്കുന്ന കേരളീയ വിദ്യാർഥികൾക്ക് അതിനുള്ള സാഹചര്യമൊരുക്കാൻ കഴിയാത്തതുമൂലം അവർ വിദേശത്തേക്ക് പോകുകയാണ്; ഇത് ബൗദ്ധിക ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് സംസ്ഥാനത്ത് നിലവാരമുള്ള സർവകലാശാലകൾ സ്ഥാപിക്കണം. ഭിന്നശേഷി സംവരണം പാലിച്ചുകൊണ്ട് അധ്യാപക നിയമനം നടത്തുന്നതിനാവശ്യമായ നടപടി

സ്വീകരിക്കണം.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. ശാസ്ത്ര-സാങ്കേതികവിദ്യകൾക്കനുസൃതമായ മാറ്റം പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ കൊണ്ടുവരാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. ഭിന്നശേഷിക്കാരായ വിദ്യാർഥികളെ പൊതുവിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. ജനകീയാസൂത്രണത്തിലൂടെ താഴെത്തട്ടിലുള്ള ജനവിഭാഗത്തിന് സാമൂഹ്യവികസന പ്രവർത്തനങ്ങളിൽ ഇടപെടാനുള്ള അവസരമുണ്ടായിട്ടുണ്ട്. കാലാനുസൃതമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മയക്കുമരുന്നുൾപ്പെടെയുള്ള ലഹരി പദാർഥങ്ങളുടെ വ്യാപനം തടയുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. ലഹരിപദാർഥങ്ങളുടെ ഉപയോഗംമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന അരക്ഷിതാവസ്ഥയും കൊലപാതകങ്ങളും ഒഴിവാക്കാനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിനും നവീകരിക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും നടപടി

സ്വീകരിക്കണം. ഓൺലൈൻ മുഖേനയുള്ള മയക്കുമരുന്ന് വില്പന തടയുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള സൈബർ നിയമങ്ങളുണ്ടാകണം. കുറ്റാരോപിതരായ കുട്ടികൾക്ക് സൈക്കോളജിസ്റ്റിന്റെയും ഡോക്ടർമാരുടെയും സേവനം ലഭ്യമാക്കുകയും അവരെ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കുന്ന രീതി ഒഴിവാക്കുകയും ചെയ്യണം. വനിതകൾക്കും കുട്ടികൾക്കും മാസത്തിലൊരിക്കൽ ഹെൽത്ത് ടെസ്റ്റ് നടത്താനുള്ള ജില്ലാതല സംവിധാനം ഏർപ്പെടുത്തണം.

<u>ശ്രീ. ഡി. കെ. മുരളി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകൾ സംബന്ധിച്ച് പുതുതലമുറയിൽ അവബോധം വളർത്തിയെടുക്കാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ച് പ്രവർത്തിക്കണം. ലഹരിക്കെതിരെ അതിശക്തമായ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. 2025-ഓടെ ദാരിദ്ര്യമില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി' നടപ്പാക്കിയതും സ്പോർട്സ് ക്വാട്ടയിൽ 960 നിയമനങ്ങൾ നടത്തിയതും കായിക വകുപ്പിന്റെ നേട്ടമാണ്. നൂതന പദ്ധതികളാവിഷ്കരിച്ച് നമ്മുടെ പൈതൃകത്തെയും പാരമ്പര്യത്തെയും സംരക്ഷിക്കുന്ന പുരാവസ്തു വകുപ്പിന്റെ

പ്രവർത്തനം ശ്ലാഘനീയമാണ്. എല്ലാ വകുപ്പുകളും വ്യത്യസ്തതയാർന്ന വികസന പദ്ധതികളാവിഷ്കരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. സി. ആർ. മഹേഷ്: ധനാഭ്യർഥനകളെ എതിർക്കുന്നു. സാംസ്കാരിക വകുപ്പിനുകീഴിലുള്ള ബുക്ക് മാർക്ക് സൊസൈറ്റിയുടെ പ്രവർത്തനങ്ങളും ഫിലിം ഫെസ്റ്റിവൽ നടപടികളും അഭിനന്ദനാർഹമാണെങ്കിലും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖാന്തരം ജോലി ലഭിച്ച ചെറുപ്പക്കാരന് ജാതിയുടെ പേരിൽ ജോലി നിഷേധിച്ചത് സാംസ്കാരിക കേരളത്തിന് അപമാനകരമാണ്. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് രാത്രി പത്ത് മണിക്കുശേഷം മൈക്ക് ഉപയോഗിക്കാൻ പാടില്ലെന്ന നിർദേശം പിൻവലിക്കണം. മയക്കുമരുന്നിന്റെ ഉറവിടം കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള നടപടിയുണ്ടാകണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ലഹരിയെന്ന സാമൂഹിക വിപത്തിനെ സങ്കുചിതമായ രാഷ്ട്രീയ വീക്ഷണത്തോടെ സമീപിക്കാൻ പ്രതിപക്ഷം ശ്രമിച്ചത് ഖേദകരമാണ്. കക്ഷിരാഷ്ട്രീയ-ജാതിമത-ലിംഗ ഭേദമന്യേ ഈ വിപത്തിനെതിരെ പോരാടണം. ഈ സർക്കാർ

അധികാരത്തിൽവന്നതിനുശേഷം 26454 എൻ.ഡി.പി.എസ്. കേസുകളും 75785 അബ്കാരി കേസുകളും രജിസ്റ്റർ ചെയ്യുകയും നിരവധി പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുകയും എക്സൈസ് ക്രൈംബ്രാഞ്ച് രൂപീകരിക്കുകയും ചെയ്തതിലൂടെ പരിശോധനകൾ വ്യാപകമാക്കുന്നതിനും ശിക്ഷാനിരക്ക് വർധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. വിമുക്തി പദ്ധതിയിലൂടെ നിരവധിപേർക്ക് കൗൺസലിങ് നൽകുകയും ഇംഹാൻസുവഴി 32 എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഹൈസ്കൂളുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലും മാത്രമാണ് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളത്. ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ ബയോ മൈനിങ്ങിലൂടെ 34 ഏക്കർ ഭൂമി വീണ്ടെടുക്കാനും 6 ലക്ഷത്തിലധികം മെട്രിക് ടൺ മാലിന്യമല നീക്കം ചെയ്തുകൊണ്ട് പൂങ്കാവനത്തിന്റെ നിർമ്മാണം ആരംഭിക്കാനും സാധിച്ചിട്ടുണ്ട്. പ്രതിദിനം 150 ടൺ ജൈവമാലിന്യം സംസ്കരിച്ച് ബയോഗ്യാസാക്കി മാറ്റി ബി.പി.സി.എൽ.-ന്റെ റിഫൈനറിയിലേക്കെത്തിക്കുന്ന പ്രോജക്ട് ഏപ്രിൽ മാസത്തിൽ പ്രവർത്തനക്ഷമമാകും. വാതിൽപ്പടി മാലിന്യശേഖരണത്തിലും യൂസർഫീ കളക്ഷനിലും വർധനവുണ്ടാക്കാനും എം.സി.എഫ്.-കൾ നാല്

പഞ്ചായത്തുകളിലൊഴികെ സ്ഥാപിക്കാനും ബ്ലോക്കടിസ്ഥാനത്തിൽ ആർ.ആർ.എഫ്.-കൾ ഇരട്ടിയിലധികമായി വർധിപ്പിക്കാനും സാധിച്ചു. ഹരിതകർമ്മസേനാംഗങ്ങളുടെയും ഹരിതമിത്രം ആപ് ഉപയോഗിക്കുന്നവരുടെയും എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്. മാലിന്യ സംസ്കരണം ക്യാമ്പയിനിന്റെ ഭാഗമായി ബോധവൽക്കരണവും എൻഫോഴ്സ്മെന്റ് നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. 3557 കേന്ദ്രങ്ങളിൽ ക്യാമറാ നിരീക്ഷണം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ സമീപനത്തിൽ മാറ്റം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നും നടത്തേണ്ടതുണ്ട്. മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെതിരെ ഉയരുന്ന പ്രാദേശിക എതിർപ്പുകളെ ജനപ്രതിനിധികൾ ഒറ്റക്കെട്ടായി നേരിടണം. ലൈഫ് മിഷൻ പദ്ധതിയിലൂടെ 5,44,479 വീടുകൾക്ക് ധനസഹായം നൽകുകമൂലം 4,32,858 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും 1,11,621 വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. നാല് ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ട് ഭവനസമുച്ചയങ്ങൾ പാർട്ണർഷിപ്പിൽ പൂർത്തിയാക്കുകയും 21 എണ്ണം നിർമ്മാണപുരോഗതിയിലുമാണ്. 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനിലൂടെ 31 ഏക്കർ ഭൂമി സംഭാവനയായി

ലഭിച്ചിട്ടുണ്ട്. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 2000 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിന് ധനസഹായം നൽകുകയും ലയൺസ് ക്ലബ്ബിലൂടെ 100 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കിയ ആദ്യ സംസ്ഥാനം കേരളമാണ്. മൈക്രോ പ്ലാനുകൾ തയ്യാറാക്കി ഇതുവരെ 48941 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്നും മുക്തരാക്കുകയും ഇവരിൽ ഭൂരഹിതരായവർക്ക് സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമി കണ്ടെത്തി പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ഇന്ത്യയിൽ മികച്ചരീതിയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്ന സംസ്ഥാനം കേരളമാണ്. ആദിവാസി മേഖലകളിൽ ട്രൈബൽ പ്ലസ് പദ്ധതി മുഖേന 41 കോടി രൂപ ചെലവഴിക്കുന്നതിനും തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഓണം അലവൻസായി 54 കോടി രൂപ നൽകുന്നതിനും ക്ഷേമനിധി ഏർപ്പെടുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് 100 ശതമാനം പൂർത്തിയാക്കുന്നതിനും സാധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള ധാരാളം നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. തദ്ദേശസ്ഥാപനങ്ങളിൽനിന്നും സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള കെ-സ്മാർട്ട് പദ്ധതി

മികച്ച നിലയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിൽ കേരളത്തെ മുന്നിലെത്തിക്കുന്നതിൽ ഏറ്റവും വലിയ സംഭാവന നൽകിയത് കെ-സ്മാർട്ട് പദ്ധതിയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർധിക്കുകയും തദ്ദേശ അദാലത്തിലൂടെ നിരവധി പരാതികൾക്ക് പരിഹാരം കാണുകയും ചെയ്തത് അഭിമാനകരമാണ്. കെട്ടിട നിർമ്മാണ പെർമിറ്റിന് അധികമായി കൈപ്പറ്റിയ ഫീസ് തിരിച്ചുനൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാകണം. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലളിതമാക്കാൻ ഭേദഗതി കൊണ്ടുവരും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി അറിയിക്കാനായി വാട്സ്ആപ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ റോഡുകൾക്കായി 1000 കോടി രൂപ നീക്കിവയ്ക്കുകയും 3558 റോഡുകൾക്ക് ഭരണാനുമതി നൽകുകയും ചെയ്തത് ചരിത്ര നേട്ടമാണ്. ധനാഭ്യർഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. കെ. എൻ. ബാലഗോപാൽ):</u> പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, വിദ്യാകിരണം പദ്ധതികളിലൂടെ പൊതുവിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ മാറ്റങ്ങളും ടിങ്കറിങ് ലാബുകൾ,

റോബോട്ടിക് ലാബുകൾ എന്നിവ സ്ഥാപിച്ച് അധ്യാപകർക്കും വിദ്യാർഥികൾക്കും നിർമ്മിത ബുദ്ധിയിൽ പരിശീലനം നൽകുന്ന ആദ്യ സംസ്ഥാനമായി കേരളം മാറിയതും അഭിമാനകരമാണ്. പൊതു പരീക്ഷകളിൽ സബ്ജക്ട് മിനിമം നടപ്പാക്കുമെന്നത് വിപ്ലവകരമായ തീരുമാനമാണ്. സ്കൂൾ കുട്ടികൾക്ക് ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്ന പദ്ധതി ആരംഭിക്കുന്നതാണ്. വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷ പാസ്സായവർക്കായി തൊഴിൽ മേളകൾ സംഘടിപ്പിച്ചതും 4891 പേർക്ക് തൊഴിൽ ലഭ്യമാക്കിയതും അഭിമാനകരമാണ്. STARS പദ്ധതിയുടെ ഭാഗമായി കൂടുതൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതാണ്. ഹയർ സെക്കൻഡറി പരീക്ഷാ മാന്വൽ പുതുക്കുകയും ഓൺലൈൻ ചോദ്യപേപ്പർ ശേഖരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന അധ്യാപകർക്കായി പരിശീലനം നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ ജില്ലയിലും ഓരോ മോഡൽ സ്കൂൾ പദ്ധതി നടപ്പാക്കും.

കേരളത്തിൽ വനിതാ തൊഴിൽ പങ്കാളിത്തം ഉയർന്നതും തൊഴിലില്ലായ്മ നിരക്ക് കുറഞ്ഞതും ഏറ്റവും കൂടുതൽ കൂലി ലഭ്യമാക്കുന്ന സംസ്ഥാനമെന്ന നേട്ടം കൈവരിച്ചതും അഭിമാനകരമാണ്. തൊഴിൽ തർക്ക

പരിഹാരങ്ങളിൽ നവീനമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പുതുതായി ആരംഭിച്ച 27 ഐ.ടി.ഐ.-കളിൽ 12 എണ്ണം അന്താരാഷ്ട്ര നിലവാരത്തിലുള്ളതാണ്. അഞ്ചാം ലോക കേരളസഭ 2026-ൽ സംഘടിപ്പിക്കും. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് ലോക കേരള പോർട്ടൽ രൂപീകരിക്കുകയും പ്രവാസി യുവസംരംഭകർക്ക് സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റിട്ടയർമെന്റ് ലിവിങ് ഉറപ്പാക്കൽ, സ്കിൽ സർട്ടിഫിക്കേഷൻ, പ്രവാസി മിഷൻ രൂപീകരണം എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി <u>(ഡോ. ആർ. ബിന്ദു):</u> ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ സർവകലാശാലകളിലും നാല് വർഷ ബിരുദ കോഴ്സ് ആരംഭിക്കാനും സമഗ്ര കരിക്കുലം ഫ്രെയിംവർക്ക് തയ്യാറാക്കാനും സാധിച്ചിട്ടുണ്ട്. ശാസ്ത്രാഭിമുഖ്യം, യുക്തിചിന്ത, സാമൂഹ്യനീതി, സമഭാവന എന്നിവയിൽ അധിഷ്ഠിതമായ സമീപനമാണ് കേരള മോഡൽ വിദ്യാഭ്യാസം. K-REAP (Kerala Resources for Education Administration and Planning) എല്ലാ സർവകലാശാലകളിലും നടപ്പാക്കും. ഗവേഷണം, ഇന്നവേഷൻ, ഇൻക്യുബേഷൻ, സ്റ്റാർട്ടപ്പ് എന്നിവയ്ക്കായി Centre

for Skill Development and Career Planning സ്ഥാപിച്ച് മുന്നോട്ടുപോകുകയാണ്. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ എന്ന ആശയം വ്യവസായ വകുപ്പുമായി ചേർന്ന് നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഓൺലൈൻ കോഴ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ ആവിഷ്കരിക്കാൻ കഴിഞ്ഞു. NAAC അക്രഡിറ്റേഷനിലും എൻ.ഐ.ആർ.എഫ്. റാങ്കിങ്ങിലും കേരളത്തിലെ സർവകലാശാലകൾക്ക് ഉയർന്ന ഗ്രേഡുകൾ നേടാനായതും സർക്കാർ കോളേജുകൾക്കും എഞ്ചിനീയറിങ് കോളേജുകൾക്കും ഒന്നാം സ്ഥാനത്തെത്താൻ സാധിച്ചതും അഭിമാനകരമാണ്. കിഫ്ബി സഹായത്തോടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വൻ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു. ഡിഗ്രി, പി.ജി. തലത്തിലുള്ള വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്, മുഖ്യമന്ത്രിയുടെ പ്രതിഭാ പുരസ്കാരം, ഗവേഷണ രംഗത്ത് പ്രത്യേക കഴിവ് തെളിയിക്കുന്നവർക്കുള്ള പുരസ്കാരം, അടിസ്ഥാന മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് ഗവേഷണം നടത്തുന്നതിന് പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവയ്ക്ക് തുക മാറ്റിവയ്ക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. കേരള ലാംഗ്വേജ് നെറ്റ്‌വർക്കിന്റെ ഭാഗമായി വിദേശ ഭാഷാപഠന വിവർത്തന കേന്ദ്രം തുടങ്ങാൻ കഴിഞ്ഞതും ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി

സെന്ററുകൾക്ക് തുടക്കംകുറിക്കാൻ സാധിച്ചതും അഭിമാനകരമായ നേട്ടങ്ങളാണ്. ലഹരിക്കെതിരെ പോരാടുന്നതിനായി ആസാദ് സേന, ലൈഫ് ഈസ് ബ്യൂട്ടിഫുൾ തുടങ്ങിയ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കാൻ സാധിച്ചു. കുട്ടികൾ നേരിടുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി ജീവനി കൗൺസലിങ് പദ്ധതി നടപ്പാക്കിയതും സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർഥികൾക്ക് ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസ അന്തരീക്ഷം ഉറപ്പാക്കാൻ സാധിച്ചതും സർക്കാരിന്റെ ഇച്ഛാശക്തികൊണ്ടാണ്. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ, ജയിൽ വിമുക്തരായവർ എന്നീ വിഭാഗങ്ങളുടെ പുനരധിവാസത്തിനും പുരോഗതിക്കുമായി നിരവധി പദ്ധതികൾ നടപ്പാക്കാൻ സാധിച്ചു. 27 റവന്യൂ ഡിവിഷനുകളിലും മെയിന്റനൻസ് ട്രിബ്യൂണലുകൾ നടപ്പാക്കാനായതും വയോജന കമ്മിഷന് തുടക്കംകുറിച്ചതും 'എൽഡർ ലൈൻ' സംവിധാനം, 'വയോജന വെബ്പോർട്ടൽ', വയോജന ഹോമുകൾ, പകൽ വീടുകൾ, 'വയോമൃതം പദ്ധതി', 'ഓർമ്മത്തോണി' തുടങ്ങി ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കാൻ സാധിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. ഭിന്നശേഷി വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ സംവരണം, ആരോഗ്യ പരിരക്ഷാ ഉപകരണങ്ങൾ

വാങ്ങാൻ പദ്ധതി എന്നിവ നടപ്പാക്കാൻ സാധിച്ചു. ഗർഭിണികൾക്കായി ഏർലി ഡിറ്റക്ഷൻ ആൻഡ് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ ഏർപ്പെടുത്താനും റിഥം എന്ന കലാ ട്രൂപ്പ്, ഭിന്നശേഷിക്കാർക്കായി സ്പീഡ് എന്ന പദ്ധതി, ഓട്ടിസം സെന്ററുകൾ എന്നിവയ്ക്ക് തുടക്കംകുറിക്കാനും സാധിച്ചിട്ടുണ്ട്.

ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് സ്കൂൾ, കോളേജ് തലങ്ങളിൽ സ്കോളർഷിപ്പ്, ഹോസ്റ്റൽ സൗകര്യം, ലിംഗമാറ്റ ശസ്ത്രക്രിയാ സഹായം, വിവാഹ ധനസഹായം തുടങ്ങി ഒട്ടേറെ വികസന പുനരധിവാസ പദ്ധതികൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഭിന്നശേഷി, ട്രാൻസ്ജെൻഡർ, വയോജനങ്ങൾ എന്നീ വിഭാഗങ്ങളിൽപ്പെടുന്നവർക്കായി സാമൂഹ്യനീതി ഭവൻ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കേന്ദ്ര കായിക മന്ത്രാലയത്തിന്റെ കീഴിൽ തെലങ്കാനയിൽ നടന്ന 'ചിന്തൻ ശിബിരം' സെമിനാറിൽ കേരളത്തിന്റെ കായിക രംഗത്തെ പ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രശംസ നേടിയിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി, കായിക രംഗത്തെ അഴിമതി തടയുന്നതിന് ഇ-സർട്ടിഫിക്കറ്റ് സംവിധാനം

എന്നിവ രാജ്യത്താകമാനം നടപ്പാക്കാൻ ശിപാർശ ചെയ്തത് സംസ്ഥാന സർക്കാരിന് ലഭിച്ച അംഗീകാരമാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മുന്നേറാനും ലഹരിക്കെതിരെ പോരാടാൻ സ്പോർട്സ് വകുപ്പിന്റെ കീഴിൽ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കാനും സാധിച്ചിട്ടുണ്ട്. സ്പോർട്സ് ഇക്കോണമി മിഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് 16-ാം ധനകാര്യ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിക്ക് കായിക വകുപ്പ് അനുവദിക്കുന്ന വിഹിതം ഉപയോഗപ്പെടുത്തി പഞ്ചായത്തുകൾക്ക് അതിനായി സ്ഥലം വാങ്ങാൻ കഴിയുമോയെന്ന കാര്യം ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുന്നതാണ്. കായികക്ഷമതാ മിഷന്റെ പ്രവർത്തനങ്ങൾ സജീവമാക്കാനും 'ഗോൾ' പദ്ധതി മുഖാന്തരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫുട്ബോൾ പരിശീലനം നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനം ആവിഷ്കരിച്ച കായിക നയം ഉൾപ്പെടെയുള്ള പദ്ധതികൾ രാജ്യത്തിനുതന്നെ മാതൃകയാണ്. ജില്ലാ ആസ്ഥാനങ്ങളിൽ കായിക സമുച്ചയങ്ങൾ നിർമ്മിക്കാൻ തീരുമാനിക്കുകയും പത്ത് സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഐ. എം. വിജയൻ ഇൻഡോർ സ്റ്റേഡിയം ഏറ്റെടുക്കാനും ദേശീയ ഗെയിംസിന്റെ ഭാഗമായി നിർമ്മിച്ച സ്റ്റേഡിയങ്ങൾ പരിപാലിക്കുന്നതിനും നടപടി

സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിലെ ജി.വി. രാജ സ്പോർട്സ് സ്കൂളുകളിൽ 50 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ പൂത്തീകരിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലായി 15 ഫിറ്റ്നസ് സെന്ററുകൾ ആരംഭിക്കുകയും 820 പഞ്ചായത്തുകളിൽ പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റി 35 ഏക്കർ സ്ഥലം നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. കായിക വളർച്ചയിൽ അന്താരാഷ്ട്ര സഹകരണം ഉറപ്പുവരുത്തുന്നതിന് കേരള സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കുകയും കായിക വിഷയത്തിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കായിക ഭവന്റെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. 2024-ലെ കായിക ഉച്ചകോടിയിൽ ലഭ്യമായ 5050 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ഘട്ടംഘട്ടമായി നടപ്പാക്കാനുള്ള ശ്രമം നടത്തിവരികയാണ്. സംസ്ഥാന സ്പോർട്സ് കൗൺസിലിനെ സ്വയം പര്യാപ്തമാക്കാൻ പദ്ധതികളാവിഷ്കരിക്കുകയും സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾക്ക് പ്രത്യേക ചുമതല നൽകാനും സ്കൂൾതലത്തിൽ താൽക്കാലിക കായികാധ്യാപകരെ നിയമിക്കാനും നടപടി

സ്വീകരിച്ചിട്ടുണ്ട്. അധ്യാപകരുടെ പരിശീലന പരിപാടിയിൽ കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ട്രെയിനിങ് നൽകാമെന്ന് വിദ്യാഭ്യാസ വകുപ്പ് ഉറപ്പ് നൽകിയിട്ടുണ്ട്. 'ഹെൽത്തി കിഡ്സ്' പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്പോർട്സ് സ്കൂൾ പ്രവേശനയോഗ്യത 6-ാം ക്ലാസായി പുതുക്കി നിശ്ചയിക്കുകയും ക്ലാസ്മുറികൾ ഹൈടെക്കാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ എട്ടരവർഷക്കാലത്തിനുള്ളിൽ 960 കായിക താരങ്ങൾക്ക് നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. കായിക താരങ്ങൾക്ക് സർക്കാർ, സ്വകാര്യ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന പ്രവർത്തനങ്ങളും ജി.വി. രാജാ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന നടപടികളും പുരോഗമിക്കുകയാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ചരിത്ര സ്മാരകങ്ങൾ സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി സന്ദർശകരെയും ഗവേഷകരെയും ആകർഷിക്കുംവിധം സജ്ജീകരിക്കുന്നതാണ്. പുരാവസ്തു വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി ബജറ്റിൽ 21.14 കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. ഓരോ ജില്ലയുടെയും പൈതൃകം വിളിച്ചോതുന്ന തരത്തിൽ മ്യൂസിയങ്ങൾ സ്ഥാപിക്കാൻ 'ജില്ലാ പൈതൃക മ്യൂസിയം' പദ്ധതി നടപ്പാക്കിവരുന്നു. പങ്കാളിത്ത ഡിജിറ്റൈസേഷനും തിരുവനന്തപുരത്തെ താളിയോല രേഖ മ്യൂസിയം വികസിപ്പിക്കാനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആർക്കൈവൽ സ്റ്റഡീസ് ആൻഡ് റിസർച്ച് സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. തീമാറ്റിക് മ്യൂസിയം എന്ന ആധുനിക സങ്കല്പത്തിനനുസരിച്ച് മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് മതിയായ തുക വകയിരുത്തിയിട്ടുണ്ട്. വള്ളോപ്പിള്ളി പിതാവിന്റെ സ്മാരക മ്യൂസിയം, തെയ്യം മ്യൂസിയം, എ.കെ.ജി. സ്മൃതി മ്യൂസിയം എന്നിവ നിർമ്മാണഘട്ടത്തിലാണ്. തൃശ്ശൂർ ജില്ലയിൽ 'കേരള സംസ്ഥാന മ്യൂസിയം' സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഫോട്ടോഗ്രാഫി മ്യൂസിയവും ഹിസ്റ്ററി ആൻഡ് മാരിടൈം മ്യൂസിയവും നിർമ്മിക്കാൻ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സാംസ്കാരിക വകുപ്പിനെപ്പറ്റി ഫലപ്രദമായ ചർച്ചയാണ് ഇവിടെ നടന്നത്. നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള പദ്ധതികളുമായാണ് സർക്കാർ

മുന്നോട്ടുപോകുന്നത്. സാംസ്കാരിക രംഗത്ത് നാലുവർഷമായി മികച്ച രീതിയിലുള്ള ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. പരമ്പരാഗത കലാരൂപങ്ങളെ പരിപോഷിപ്പിച്ച് ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി നടപ്പാക്കിവരുന്നു. കലാകാരൻമാരെ സംരക്ഷിക്കുന്നതിനും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കലാകാരൻമാരുടെ പെൻഷൻ, ക്ഷേമനിധി പദ്ധതികൾ, പുതിയ ഇൻഷ്വറൻസ് പദ്ധതി, ചികിത്സാ ധനസഹായം പട്ടികജാതിക്കാർക്കും വനിതകൾക്കുമുള്ള സിനിമാ പദ്ധതികൾ, ഒ.ടി.ടി. പ്ലാറ്റ്ഫോം എന്നിവ നടപ്പാക്കിയിട്ടുണ്ട്. തീയേറ്ററുകൾ നവീകരിച്ചതും സാംസ്കാരിക സമുച്ചയങ്ങൾ, സിനിമാ മ്യൂസിയം എന്നിവയുടെ നിർമ്മാണം ആരംഭിച്ചതും ശ്രദ്ധേയമാണ്. കലാമണ്ഡലത്തെ മികച്ച സർവകലാശാലയാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. പൈതൃക രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്ന ഏജൻസിയായി വാസ്തുവിദ്യാ ഗുരുകുലത്തെ മാറ്റിയിട്ടുണ്ട്. ഉത്സവ കാലത്ത് രാത്രി 10 മണിക്കുശേഷവും മൈക്ക് സാങ്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. കലാഭവൻ മണി സ്മാരകം, ഒ.എൻ.വി. സ്മാരകം, തോപ്പിൽ ഭാസി സ്മാരകം, അരുവിപ്പുറത്തെ ശ്രീനാരായണഗുരു ഓഡിറ്റോറിയം, ഗൗരിയമ്മ സ്മാരകം അടക്കമുള്ള വിവിധ പദ്ധതികളുടെ നടപടിക്രമവുമായി

സർക്കാർ മുന്നോട്ടുപോകുകയാണ്. ധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയും 22-നെതിരെ 74 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VII അറിയിപ്പ്

<u>സിനിമാ പ്രദർശനം</u>

<u>മി. സ്പീക്കർ:</u> വനിത, എസ്.സി/എസ്.ടി. ശാക്തീകരണ പദ്ധതി പ്രകാരം നിർമ്മിച്ച 'അരിക്' എന്ന സിനിമ നിയമസഭാ സാമാജികർക്കായി ഇന്ന് വൈകുന്നേരം 6.00 മണിക്ക് കൈരളി തീയേറ്ററിൽ പ്രദർശിപ്പിക്കുന്നു.

സഭ വൈകുന്നേരം 05.44-ന് പിരിഞ്ഞു.

*******